(ബി) അഗ്രികൾച്ചർ ഫിനാൻസ് കോർപ്പറേഷന്റെ പഠനമനുസരിച്ച് സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 61 ടൺ ഉപയോഗയോഗ്യമായ പുഷ്പം ഉൽപ്പാദിപ്പിക്കുന്നതായിട്ടാണ് കണക്ക്.

(സി) അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷന്റെ പഠനമനുസരിച്ച് പ്രതിവർഷം മൂന്നുകോടി രൂപയ്ക്കുള്ള ഓർക്കിഡ്, ആന്തൂറിയം, കട്ട്ഫ്ളവറുകളും ഏഴുകോടിരൂപയുടെ ഫോളിക്കേറ്റ് പ്ലാന്റ്സും കയറ്റുമതി ചെയ്യുന്നു.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് പുറത്തുനിന്നും പുഷ്പം കൊണ്ടുവരേണ്ടതുണ്ട്. മുല്ല, പിച്ചി, മാരിഗോൾഡ്, അരളി, റ്റ്യൂബ്റോസ്, താമര തുടങ്ങിയ പുഷ്പങ്ങൾ പുറത്തുനിന്നും കൊണ്ടുവരുന്നുണ്ട്.

രണ്ടാം ധനകാര്യകമ്മീഷന്റെ ശുപാർശ

* 4 [577] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, മത്തായി ചാക്കോ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ധനകാര്യകമ്മീഷന്റെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) പ്രസ്തുത ശുപാർശകളിന്മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പദ്ധതിയേതര ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഗ്രാന്റുകൾ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുന്നതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) രണ്ടാം ധനകാര്യ കമ്മീഷന്റെ ആദ്യ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. 8-1-2001-ന്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുപാർശകൾ വിശദമായി പഠിക്കുന്നതിനായി ധനകാര്യ-എക്സൈസ്, തദ്ദേശ സ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ മന്ത്രിമാർ ഉൾപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ തീരുമാനമെടുത്തശേഷം ടി റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

കേന്ദ്രഗവൺമെന്റിൽനിന്ന് വനഭൂമി ലഭ്യമാക്കാൻ നടപടി

*5 [578] ശ്രീ. വി. ചെന്താമരാക്ഷൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. ബാബുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സാംസ്കാരികവും, ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വനഭൂമി വിട്ടുനൽകാൻ കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു മറുപടിയാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) വനഭൂമി നൽകാൻ കേന്ദ്ര സർക്കാർ തയ്യാറായില്ലെങ്കിൽ മനുഷ്യാവകാശപ്രശ്നമായി കൈകാര്യം ചെയ്യാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ള വിവരം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ശബരിമല വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കാനാവില്ലെന്ന് കേന്ദ്ര വനം ഡയറക്ടറുടെ പരാമർശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) കേന്ദ്ര വനം ഡയറക്ടറുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയെന്നനിലയിൽ സംസ്ഥാന ഗവൺമെൻറ് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly